◆ ലേഖനം

ടി.വി മുഹമ്മദലി

# മാള മേഖലയിൽ മാരേക്കാടുനിന്ന് തുടക്കം

**ചില** ആരാധനകളും ആചാരങ്ങളും മാത്രമായി ഇസ്‌ലാം മനസ്സിലാക്കപ്പെട്ടിരുന്ന കാലം. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും മുസ്‌ലിംകൾ വെച്ചുപുലർത്തിയിരുന്നു അന്ന്. അങ്ങിങ്ങ് ഒറ്റപ്പെട്ട ചില വ്യക്തികൾ ഇസ്‌ലാമിന്റെ യാഥാർഥ്യവും സമഗ്രതയും ഉൾക്കൊണ്ടിരുന്നു. അവർ ഒഴുക്കിനെതിരെ ചെറുതുരുത്തുകളായിനിന്ന് ഇസ്‌ലാമിന്റെ യഥാർഥ ചിത്രം ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരുന്നു. കിട്ടുന്ന അവസരങ്ങളൊക്കെ ഉപയോഗപ്പെടുത്താൻ അവർ ജാഗ്രത പുലർത്തി.

പുത്തൻചിറ കരുങ്ങൂച്ചിറയിൽ ആലപ്പുഴക്കാരൻ ഹോമിയോ ഡോക്ടർ ഇസ്മാഈൽ സാഹിബ് ക്ലിനിക് നടത്തിയിരുന്നു. ജമാഅത്തുകാരനായ ഇദ്ദേഹം ജുമുഅക്കു ശേഷം പള്ളികളിൽ പ്രസംഗിക്കും. ഇസ്‌ലാമിനെ പരിചയപ്പെടുത്തിയും ജീവിതത്തിൽ ഇസ്‌ലാം വരുത്തേണ്ട സമഗ്ര മാറ്റങ്ങൾ വിശദീകരിച്ചുമായിരുന്നു പ്രസംഗങ്ങൾ. ഈ പ്രസംഗമാണ് പുത്തൻചിറ ടി.എ ഹമീദ് മാസ്റ്ററെ പ്രസ്ഥാനത്തിലേക്കാകർഷിച്ചത്. 1956-ലായിരുന്നു അത്.

മാള മേഖലയിലെ പ്രഥമ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തക ഘടകം മാരേക്കാടാണ് രൂപീകൃതമായത്. ഹമീദ് മാസ്റ്റർ, പി.എ അലിക്കുഞ്ഞ്, വി.എം അലി, വി.കെ കൊച്ചു മുഹമ്മദ് തുടങ്ങിയവരായിരുന്നു പ്രവർത്തകർ. മാരേക്കാട് പള്ളിയിലായിരുന്നു അന്ന് വാരാന്തയോഗങ്ങൾ കൂടിയിരുന്നത്. പിന്നീട് പി.കെ ബശീറുദ്ദീൻ, ടി.എ മുഹമ്മദ് മൗലവി, എം.എ മുഹമ്മദ് എന്നിവർ പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് ശക്തിപകർന്നു.

ബശീറുദ്ദീൻ സാഹിബ് ബോംബെയിൽനിന്നാണ് ജമാഅത്തുമായി ബന്ധപ്പെടുന്നത്. 1960 മുതൽ അവിടെ പ്രവർത്തനം തുടങ്ങി. 25-ാമത്തെ വയസ്സിൽ ജമാഅത്ത് അംഗമായ അദ്ദേഹം പിന്നീട് ബോംബെ മലയാളി ഹൽഖാ അമീറുമായി. മികച്ച സംഘാടകനും പ്രസംഗകനുമായ അദ്ദേഹം ഒടുവിൽ നാട്ടിലും ദീർഘകാലം പ്രവർത്തിച്ചു. കായംകുളം ഹസനിയ്യ കോളേജിൽനിന്ന് പഠനം കഴിഞ്ഞ് 1957-ൽ അമ്പലപ്പുഴയിൽനിന്ന് കച്ചവടാവശ്യാർഥം മാളയിലെത്തുകയായിരുന്നു ടി.എ മുഹമ്മദ് മൗലവി. ടി.എ ജമാഅത്തുമായി ബന്ധപ്പെടാൻ നിമിത്തം സി.എൻ അഹ്മദ് മൗലവിയാണ്. ഹസനിയ്യയിൽ പഠിക്കുന്ന കാലത്ത് ടി.എ കമ്യൂണിസ്റ്റ് അനുഭാവിയായിരുന്നു. സോവിയറ്റ് യൂനിയനിൽനിന്ന് അറബിഭാഷയിൽ അച്ചടിച്ച മാർക്സിസ്റ്റ് സാഹിത്യം കമ്യൂണിസ്റ്റ് നേതാവ് ഇ.കെ. ഇമ്പിച്ചിബാവ അദ്ദേഹത്തിന് നൽകുമായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടിയുമായുള്ള ടി.എയുടെ ബന്ധം കോളേജ് അധികൃതർക്ക് അലോസരമുണ്ടാക്കി. ഒരു ദിവസം സി.എൻ അഹ്മദ് മൗലവി അവിടെ വന്നപ്പോൾ കോളേജ് അധികൃതർ അദ്ദേഹത്തോട് ഇക്കാര്യം പറഞ്ഞു. സി.എൻ അവരോട് പറഞ്ഞു: "ഞാൻ ഒരു സാധനം അയക്കാൻ ഏർപ്പാട് ചെയ്യാം. അത് അവനെക്കൊണ്ട് വായിപ്പിച്ചാൽ അവന്റെ തലയിൽനിന്ന് കമ്യൂണിസം പോവും." ആ 'സാധനം' *പ്രബോധന*മായിരുന്നു. സി.എൻ മൗലവി *അൻസാരി* എന്ന മാസിക സ്വന്തമായി പ്രസിദ്ധീകരിച്ചിരുന്ന കാലമായിരുന്നു. എന്നിട്ടും ടി.എക്ക് വായിക്കാൻ അദ്ദേഹം *പ്രബോധന*മാണ് ഏർപ്പാട് ചെയ്തത്! ടി.എ *പ്രബോധനം* വായന തുടങ്ങി. 'ഒരു മനുഷ്യൻ ഒരു വ്യവസ്ഥ' എന്ന തലക്കെട്ടിൽ *പ്രബോധന*ത്തിൽ വന്ന ലേഖനം അദ്ദേഹത്തെ മാറ്റി ചിന്തിപ്പിച്ചു.

മാള മേഖലയിൽ മൊയ്തു മൗലവി, അബ്ദുസ്സലാം മൗലവി, ഇസ്സുദ്ദീൻ മൗലവി, പാലക്കാട് എസ്.എം ഹനീഫ സാഹിബ് തുടങ്ങിയവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുണ്ടായി.

പ്രസ്ഥാനപ്രവർത്തനം വ്യാപിച്ചതോടെ എതിർപ്പുകളും ശക്തിപ്പെട്ടു, പ്രതിബന്ധങ്ങൾ വർധിച്ചു. ഹമീദ് മാസ്റ്ററെ ജമാഅത്തുകാരനായതിനാൽ മൂന്ന് മാസത്തേക്ക് സർവീസിൽനിന്ന് സർക്കാർ സസ്പെന്റ് ചെയ്തു. അടിയന്തരാവസ്ഥയിൽ ജയിൽവാസവും അനുഭവിച്ചു. മാരേക്കാട് പള്ളിക്കമ്മിറ്റി റബീഉൽ അവ്വൽ മാസത്തിൽ സംഘടിപ്പിച്ച വഅ്ള് പരമ്പരയിൽ ഇസ്സുദ്ദീൻ മൗലവിയുൾപ്പെടെ ജമാഅത്ത് പണ്ഡിതന്മാർ പ്രസംഗിച്ചിരുന്നു. ഇത്തേുടർന്ന് ചിലർ പള്ളിക്കമ്മിറ്റിയിൽ സ്വാധീനം ചെലുത്തി ഇ.കെ ഹസൻ മുസ്‌ലിയാരെ കൊണ്ടുവന്ന് ജമാഅത്തെ ഇസ്‌ലാമിക്കെതിരെ പ്രസംഗ പരമ്പര നടത്തി. ജമാഅത്തിനെ അധിക്ഷേപിച്ചുകൊണ്ട് പ്രസംഗിക്കവെ മുസ്‌ലിയാർ പറഞ്ഞു: 'ആ കള്ളന്മാർ ഇവിടെ ഇല്ല.' കേൾവിക്കാരിൽനിന്ന് ഒരാൾ എഴുന്നുനിന്ന് പറഞ്ഞു: 'അവർ ഇവിടെ ഉണ്ട് മുസ്‌ലിയാരേ.' ടി.എ മൗലവിയായിരുന്നു അങ്ങനെ പറഞ്ഞത്. അദ്ദേഹം ഇത്ര കൂടി പറഞ്ഞു: 'മുസ്‌ലിയാർ ഇതുവരെ പ്രസംഗിച്ചതിനെല്ലാം 20 മിനിറ്റ് കൊണ്ട് ഞാൻ മറുപടി പറയാം.' ഇതോടെ സദസ്സ് ഇളകി. അനുകൂലമായും പ്രതികൂലമായും പ്രതികരണങ്ങളുണ്ടായി. ഒടുവിൽ, മുസ്‌ലിയാർ പ്രഖ്യാപിച്ചു; 'ഞങ്ങൾ വാടകക്കെടുത്ത മൈക്ക് മൗദൂദികൾക്ക് പ്രസംഗിക്കാനുള്ളതല്ല!'

പുത്തൻചിറ പള്ളിക്കരികെ പ്രവർത്തിച്ചിരുന്ന ജമാഅത്ത് ഓഫീസ് മാറ്റിക്കാൻ ശ്രമങ്ങളുണ്ടായി. ഓഫീസ്, മൗദൂദിയുടെ ഖത്തപ്പുരയെന്ന് പരിഹസിച്ചു. മാള പള്ളിയിൽ ജുമുഅക്ക് മുഅദ്ദിൻ വാളെടുത്ത് മലയാളത്തിൽ മആശര വിളിക്കുകയും ഖത്വീബ് നുബാതി ഖുത്ബയുടെ മലയാള പരിഭാഷ വായിക്കുകയുമായിരുന്നു പതിവ്. പിന്നീടത് സ്വതന്ത്ര പ്രസംഗമായി മാറി. ഇടക്കിടെ ടി.എ മുഹമ്മദ് മൗലവിയും കെ. അബ്ദുസ്സലാം മൗലവിയും ഖുത്ബ നടത്താറുണ്ടായിരുന്നു. പക്ഷേ, ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ വെപ്രാളം പൂണ്ട ചിലർ ഇടപെട്ട് മാള പള്ളിയിലെ മലയാള ഖുത്ബ നിർത്തലാക്കി (അപ്പോഴും മആശര വിളി മലയാളത്തിൽ തുടർന്നു!) ജമാഅത്തുകാർക്കെതിരെ ശക്തമായ നീക്കമായിരുന്നു പിന്നീട്. ഇതേതുടർന്നാണ് മാളയിൽ ഐ.എസ്.ടിയുടെ പള്ളിയും സ്കൂളും നിലവിൽവന്നത്.

### തൃശൂരിലും കടുത്ത എതിർപ്പ്

തൃശൂരിൽ അറുപതുകളുടെ തുട

ക്കത്തിലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനം വ്യവസ്ഥാപിതമായത്. പി.കെ അബ്ദുർറഹീം, കെ. കുഞ്ഞുമൊയ്തീൻ, കെ.സി ഹൈദ്രോസ്, പി.എം അബ്ദുൽ വഹാബ് അണ്ണൻ, എ.എം ഹുസൈൻ ബായ് തുടങ്ങിയവരായിരുന്നു പ്രഥമ ഘടകത്തിലെ അംഗങ്ങൾ. കെ. മൊയ്തു മൗലവിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഹൽഖ രൂപീകരിച്ചത്.

സിലോൺ മലയാളികളുടെ ശ്രമഫലമായാണ് തൃശൂരിൽ പ്രസ്ഥാന ഘടകമുണ്ടാകുന്നത്. സിലോണിൽനിന്ന് തിരിച്ചുവന്ന തളിക്കുളം സ്വദേശി പി.എം അബു സാഹിബ് തൃശൂരിൽ ഹോട്ടൽ നടത്തിയിരുന്നു. അദ്ദേഹം ചിലർക്ക് *പ്രബോധന*വും ഇസ്‌ലാമിക കൃതികളും വായിക്കാൻ കൊടുത്തിരുന്നു. അദ്ദേഹം വഴിയാണ് പി.കെ അബ്ദുർറഹീം സാഹിബ് പ്രസ്ഥാനത്തിലേക്കാകൃഷ്ടനാകുന്നത്. സിലോണിൽനിന്ന് തിരിച്ചുവന്ന കരുവന്നൂർ സെയ്തു സാഹിബും പി.പി അബ്ദുല്ല സാഹിബും തൃശൂരിലെ പ്രവർത്തനങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

ശക്തമായ എതിർപ്പുകൾക്കിടയിലാണ് തൃശൂരിൽ പ്രസ്ഥാനം വേരു പിടിച്ചത്. കോഴിക്കോട് ജില്ലയിലെ മൂഴിക്കലിൽ നടന്ന ജമാഅത്ത് സമ്മേളനത്തിന്റെ പോസ്റ്റർ ഒട്ടിച്ചതിന്റെ പേരിൽ പി.കെ അബ്ദുർറഹീം സാഹിബിന്റെ കുടുംബത്തെ ബഹിഷ്കരിക്കാൻ കൊക്കാല മഹല്ല് കമ്മിറ്റി തീരുമാനമെടുത്തു. തുടർന്ന് മാസങ്ങളോളം അദ്ദേഹത്തിന് സ്ഥലം വിട്ടുനിൽക്കേണ്ടിവന്നു. വർഷങ്ങൾക്കുശേഷം 1979-ലും അദ്ദേഹത്തെ മഹല്ല് കമ്മിറ്റി പുറത്താക്കിയിട്ടുണ്ട്. ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് തടയിടാൻ ഇ.കെ ഹസൻ മുസ്‌ലിയാർ, വൈലിത്തറ, കുട്ടി ഹസൻ ഹാജി തുടങ്ങിയവരെ പങ്കെടുപ്പിച്ച് പ്രസംഗ പരമ്പരകൾ നടത്തുകയുണ്ടായി. ജമാഅത്ത് സംഘടിപ്പിക്കുന്ന ക്ലാസ്സുകൾക്കു നേരെ പലവട്ടം ആക്രമണങ്ങളുണ്ടായി. പള്ളികൾ കൈയേറാൻ ശ്രമങ്ങളുണ്ടായി. അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ പള്ളി അടിയന്തരാവസ്ഥയിൽ വെള്ളിയാഴ്ച ജുമുഅക്ക് കുറേ പേർ വന്ന് കൈയേറി. ഖത്വീബിനെ തടഞ്ഞ് അവർ മിമ്പറിൽ കയറി അറബിയിൽ ഖുത്ബ ഓതി ജുമുഅ നടത്തുകയായിരുന്നു. പിന്നീട് നിയമപരമായി നേരിട്ടാണ് പൂർവസ്ഥിതി കൈവരിക്കാനായത്. ടൗണിൽ ശക്തൻ തമ്പുരാൻ ബസ്സ്റ്റാന്റിന് സമീപത്തെ ഹിറാ മസ്ജിദ് കൈയേറാൻ ഒരു സംഘം ആയുധങ്ങളും മറ്റുമായി എത്തി. അവർ രാത്രി പള്ളിയിൽ കയറി റാത്തീബ് ചൊല്ലാൻ തുടങ്ങി. പ്രസ്ഥാന പ്രവർത്തകർ പ്രകോപിതരായില്ല. റാത്തീബ് ചൊല്ലുന്നതിനിടയിൽ വൈദ്യുതി പ്രവാഹം നിലച്ചു. വെളിച്ചമില്ലാതായപ്പോൾ പ്രസ്ഥാന പ്രവർത്തകർ അവർക്ക് മെഴുകുതിരിയും മറ്റും സംഘടിപ്പിച്ച് വെളിച്ചമുണ്ടാക്കിക്കൊടുത്തു. കുഴപ്പമുണ്ടാക്കാൻ വന്നവരുടെ ഉദ്ദേശ്യം നടന്നില്ല. പിന്നീട് പോലീസ് നടപടിയുണ്ടായപ്പോൾ കൈയേറ്റക്കാർ പിൻവലിഞ്ഞു.

## ‘ടിറ്റ് ഫോർ ടാറ്റ്’

ഇറാൻ വിപ്ലവത്തെത്തുടർന്ന് ലോകത്ത് ഇസ്‌ലാം സജീവ ചർച്ചയായ സന്ദർഭം. അമേരിക്കൻ പിന്തുണയുള്ള ഷാ ഗവൺമെന്റിനെ വിപ്ലവത്തിലൂടെ പുറത്താക്കി ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് ഇറാൻ നിലവിൽ വന്നപ്പോൾ പാശ്ചാത്യരും അവരുടെ അനുകൂലികളും ഇസ്‌ലാമിനെതിരെ കുപ്രചാരണങ്ങളഴിച്ചുവിടാൻ തുടങ്ങി. വൻശക്തികളായിരുന്ന അമേരിക്കയോടും സോവിയറ്റ് യൂനിയനോടും ഒരേ സമയം പൊരുതിയായിരുന്നു വിപ്ലവാനന്തര ഇറാന്റെ നിൽപ്. അതിനാൽ കമ്യൂണിസ്റ്റുകാരും ഇസ്‌ലാമിനെ പഴിക്കുന്നതിൽ മത്സരിച്ചുകൊണ്ടിരുന്നു. ഇന്ത്യയിലും പത്രമാധ്യമങ്ങൾ ഇസ്‌ലാമിനെതിരെ അച്ചുനിരത്തിയിരുന്നു. ഈ പശ്ചാത്തലത്തിൽ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരായ വിമർശനങ്ങൾക്ക് പ്രസിദ്ധീകരണങ്ങളിലൂടെ തന്നെ മറുപടി നൽകണമെന്ന് ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതി തീരുമാനിച്ചു. ഇതേതുടർന്നാണ് ജമാഅത്ത് തൃശൂർ ജില്ലാ സമിതി ‘ടിറ്റ് ഫോർ ടാറ്റ്’ മാസിക പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുന്നത്. അങ്ങനെ സ്പിരിറ്റഡ് യൂത്ത് ഫ്രണ്ട് എന്ന പേരിൽ ഒരു ടീമിനെ നിയോഗിക്കുകയും പ്രസിദ്ധീകരണത്തിന് ചുമതലപ്പെടുത്തുകയും ചെയ്തു. തൃശൂരിൽനിന്ന് 1979-ൽ പ്രസിദ്ധീകരണം തുടങ്ങിയ ‘ടിറ്റ് ഫോർ ടാറ്റ്’ കൂടുതൽ ശ്രദ്ധേയമാകുന്നത് കേരളത്തിൽ ശരീഅത്ത് സംവാദം നടന്നപ്പോഴാണ്. ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരായ വിമർശനങ്ങൾക്ക് മറുപടി പറഞ്ഞും വിമർശകരുടെ പൊള്ളത്തരം തുറന്നുകാട്ടിയും പ്രസിദ്ധീകരിച്ചിരുന്ന മാസിക 1987-ൽ *മാധ്യമം* പ്രസിദ്ധീകരണം തുടങ്ങിയതോടെ നിർത്തിവെക്കുകയായിരുന്നു.

## സേവനസംരംഭങ്ങൾ

ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നഴ്സറി ടീച്ചേഴ്സ് ട്രെയ്നിംഗ് കോഴ്സ് തൃശൂരിൽ നടത്തുകയുണ്ടായി. വിവിധ ബാച്ചുകളിലായി കേരളത്തിന്റെ നാനാഭാഗങ്ങളിലുള്ള ഉദ്യോഗാർഥികൾ ഇവിടെനിന്ന് ട്രെയ്നിംഗ് നേടിയിട്ടുണ്ട്. പ്രസ്ഥാനം വേരൂന്നിയതോടെ പല സേവന പ്രവർത്തനങ്ങളും വിപുലമായ രീതിയിൽ സംഘടിപ്പിക്കപ്പെട്ടു. സകാത്ത് സംഘടിത വിതരണം, ആതുരശുശ്രൂഷ, അനാഥ മയ്യിത്ത് പരിപാലനം, ബ്ലഡ് ഡൊണേഷൻ ഫോറം തുടങ്ങിയ സാമൂഹിക-സേവന പ്രവർത്തനങ്ങളും നടക്കുന്നു.

ആദ്യകാലത്ത് വാരാന്തയോഗം നടത്താൻ സ്ഥലമുണ്ടായിരുന്നില്ല തൃശൂരിൽ ജമാഅത്തിന്. ഇപ്പോൾ ടൗണിൽ കൊടുങ്ങല്ലൂർ മൂവ്മെന്റ് ഓഫ് ഇസ്‌ലാം ട്രസ്റ്റിന്റെ ഹോസ്റ്റലുകൾ, മസ്ജിദ് കൗൺസിലിന്റെ കീഴിലെ ഹിറാ മസ്ജിദ്, മെഡിക്കൽ കോളേജിനോടും അഗ്രികൾച്ചറൽ യൂനിവേഴ്സിറ്റിയോടും ചേർന്നുള്ള പള്ളികൾ, ടൗണിലെ ജമാഅത്ത് ജില്ലാ ഓഫീസ്, വി.എം.വി ഓർഫനേജ് എന്നിവയെല്ലാം പരിപാടികൾക്കും ക്ലാസ്സുകൾക്കും മറ്റും ഉപയോഗപ്പെടുത്തുന്നു.

അടിയന്തരാവസ്ഥയിൽ തൃശൂരിൽനിന്ന് ജമാഅത്ത് അംഗങ്ങളായ പി.കെ അബ്ദുർറഹീം, എൻ.എ മുഹമ്മദ് എന്നിവരും ജില്ലാ നാസിം കെ. അബ്ദുസ്സലാം മൗലവിയും അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി.

(അവസാനിച്ചു)

tvmohamedali@yahoo.com